(എ) വികലാംഗർക്കുള്ള പെൻഷൻ ഏതു മാസംവരെ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) വികലാംഗ പെൻഷന് അനുവദിക്കുന്ന തുക പല തദ്ദേശ ഭരണ സ്ഥാപനങ്ങളും പെൻഷൻ നൽകാതെ വക മാറ്റി ചെലവഴിക്കുകയോ, ലാപ്സാക്കുകയോ ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വികലാംഗ പെൻഷൻ കുടിശ്ശിക എത്രയുംവേഗം കൊടുത്തു തീർക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വികലാംഗ പെൻഷൻ ഏതു മാസംവരെ വിതരണം ചെയ്തു എന്ന വിവരം താഴെ കൊടുക്കുന്നു:

	ജില്ല	മാസം
1.	തിരുവനന്തപുരം	2/2003
2.	കൊല്ലം	2/2003
3.	പത്തനംതിട്ട	2/2003
4.	ആലപ്പുഴ	3/2003
5.	കോട്ടയം	3/2003
6.	ഇടുക്കി	2/2003
7.	എറണാകുളം	3/2003
8.	തൃശ്ശൂർ	3/2003
9.	പാലക്കാട്	2/2003
10.	മലപ്പുറം	2/2003
11.	കോഴിക്കോട്	3/2003
12.	വയനാട്	1/2003
13.	കണ്ണൂർ	2/2003
14.	കാസർഗോഡ്	2/2003

(ബി) ഇല്ല.

(സി) ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വികലാംഗ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച തുക

158 [2638] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ വികലാംഗ ദുരിതാശ്വാസനിധിയിൽനിന്നും ശ്രീ. പി. എൻ. ജോണിന് ജി.ഒ. (ആർടി.) 231/2000, 1-8-2000 അനുസരിച്ച് അനുവദിച്ച തുക അവകാശിക്ക് നൽകിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത തുക ശ്രീ. പി. എൻ. ജോണിന്റെ അവകാശിക്ക് നൽകുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി

159 [2639] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 മുതൽ 2000 വരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വികലാംഗ വർഷമായ 2001 കേരളപ്പിറവി ദിനത്തിന് മുമ്പുവരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-1-1997 മുതൽ 14-8-1998 വരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ 13-10-1999-ലെ ജി.ഒ.(പി) 18/99/ഉ.ഭ.പ.വ. പ്രകാരം സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. 15-8-1998 മുതൽ 31-12-2000 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്നവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) ഇപ്പോൾ നിർവ്വാഹമില്ല.

വികലാംഗയ്ക്ക് സർക്കാർ സർവ്വീസിൽ സ്ഥിരനിയമനം

160 [2640] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ജലസേചന വകുപ്പുമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഉണ്ടായിരുന്ന ശ്രീമതി സൂസൻ ജോർജ്ജിനെ സർക്കാർ സർവ്വീസിൽ വികലാംഗരെ സ്ഥിരപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സാമൂഹ്യക്ഷേമ വകുപ്പിൽ സ്ഥിരം നിയമനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തത് കണക്കിലെടുത്താണോ ഈ നിയമനം നൽകിയിട്ടുള്ളത്;

(ഡി) എങ്കിൽ വികലാംഗരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഏതു കാലയളവാണ് ഈ നിയമനത്തിൽ കണക്കിലെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly